**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4921** **20-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തിരുവമ്പാടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികളുടെ വിശദാംശങ്ങൾ, നിലവിലെ അവസ്ഥ എന്നിവ ചുവടെ ചേർക്കുന്നു.<br><br>**1. കൺസ്ട്രക്ഷൻ ഓഫ് ഹാങ്ങിങ് ബ്രിഡ്ജ് അറ്റ് പതങ്കയം വാട്ടർഫാൾസ് കോടഞ്ചേരി കോഴിക്കോട്**<br><br>കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാട്ടർഫാൾസിൽ ഹാങ്ങിങ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി ടൂറിസം വകുപ്പ് 93.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി കോടഞ്ചേരി പഞ്ചായത്ത് സർക്കാർ ഏജൻസി KEL-നെ തിരഞ്ഞെടുത്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ കണ്ടെത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ KEL സ്വീകരിച്ചു വരുന്നു.<br><br>**2. തൃക്കുടമണ്ണ തീർത്ഥാടന ടൂറിസം പദ്ധതി മുക്കം മുനിസിപ്പാലിറ്റി**<br><br>മുക്കം മുനിസിപ്പാലിറ്റിയിലെ തൃക്കുടമണ്ണ ക്ഷേത്രത്തോട് അനുബന്ധിച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി പാർക്ക് നിർമ്മിക്കുന്നതിനായി 99.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നിലവിൽ മുക്കം മുനിസിപ്പാലിറ്റിയിൽ ടെണ്ടർ ഘട്ടത്തിലാണ്. |
| (ബി) | അനുവദിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ? | (ബി) | തിരുവമ്പാടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികളുടെ വിശദാംശങ്ങൾ, നിലവിലെ അവസ്ഥ എന്നിവ ചുവടെ ചേർക്കുന്നു.<br><br>**1. കൺസ്ട്രക്ഷൻ ഓഫ് ഹാങ്ങിങ് ബ്രിഡ്ജ് അറ്റ് പതങ്കയം വാട്ടർഫാൾസ് കോടഞ്ചേരി കോഴിക്കോട്** |

| | | | |
|---|---|---|---|
| | | | കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാട്ടർഫാൾസിൽ ഹാങ്ങിങ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി ടൂറിസം വകുപ്പ് 93.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി കോടഞ്ചേരി പഞ്ചായത്ത് സർക്കാർ ഏജൻസി KEL-നെ തിരഞ്ഞെടുത്തിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ കണ്ടെത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ KEL സ്വീകരിച്ചു വരുന്നു.<br><br>**2. തൃക്കുടമണ്ണ തീർത്ഥാടന ടൂറിസം പദ്ധതി മുക്കം മുനിസിപ്പാലിറ്റി**<br><br>മുക്കം മുനിസിപ്പാലിറ്റിയിലെ തൃക്കുടമണ്ണ ക്ഷേത്രത്തോട് അനുബന്ധിച്ച് ടൂറിസം വികസനത്തിന്റെ ഭാഗമായി പാർക്ക് നിർമ്മിക്കുന്നതിനായി 99.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നിലവിൽ മുക്കം മുനിസിപ്പാലിറ്റിയിൽ ടെണ്ടർ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ